**ആർ. വിജയമോഹനൻ**
ജില്ലാ പ്രോജക്ട് ഓഫീസർ
പത്തനംതിട്ട

ജില്ലാ പ്രോജക്ട് ഓഫീസറുടെ കാര്യാലയം
**സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ)**
പത്തനംതിട്ട, തിരുവല്ല, പിൻ-689101
E-mail- ssapta03@gmail.com
Tel: 0469 2600167

**സർക്കുലർ നമ്പർ ബി /34/2017/എസ്.എസ്.എ തീയതി 01-06-2017**

വിഷയം : എസ്.എസ്.എ, കേരളം - സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് 2017-18 - സംബന്ധിച്ച്

സൂചന : AWP&B 2017-18

2017-18 അക്കാദമികവർഷം സർവ ശിക്ഷാ അഭിയാൻ വിതരണം ചെയ്യുന്ന സ്കൂൾ ഗ്രാന്റിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും വിതരണവും വിനിയോഗവും സംബന്ധിച്ച് താഴെപറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## I. *സ്കൂൾ ഗ്രാന്റ്*

എൽ.പി. യൂണിറ്റിൽ 5000/ രൂപ നിരക്കിലും യു.പി. യൂണിറ്റിൽ 7000/ രൂപ നിരക്കിലും ആണ് സ്കൂൾ ഗ്രാന്റ് അനുവദിച്ചിരിക്കുന്നത്. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് തുക വിനിയോഗിക്കേണ്ടതാണ്.

1. സ്കൂൾ ഗ്രാന്റ് വിതരണം ജില്ലകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.
2. എല്ലാ ഗ്രാന്റുകളും സമഗ്രമായി കണ്ട് സ്കൂളിൽ മാറ്റം ഉണ്ടാകാനുതകുംവിധം വിനിയോഗിക്കണം.
3. പഠനസൗഹൃദ ക്ലാസ് മുറികൾ ഉറപ്പാക്കുക വഴി വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി ആസൂത്രണം ചെയ്യപ്പെടുന്നുവെന്ന് ജില്ലാ പ്രോജക്ട് ഓഫീസർ/ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.
4. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG), SMC/PTA എന്നിവയിൽ ചർച്ച ചെയ്ത് തീരുമാനിച്ചുവേണം സ്കൂൾ ഗ്രാന്റ് വിനിയോഗിക്കേണ്ടത്.
5. സ്കൂൾ ഗ്രാന്റ് വിനിയോഗത്തിൽ താഴെപറയുന്ന മേഖലകൾക്ക് അർഹമായ പരിഗണന ഉറപ്പാക്കണം.

ക. **യു.പി. വിഭാഗം (7000/ രൂപ)**

a. ശാസ്ത്ര/ഗണിതശാസ്ത്ര/സാമൂഹ്യശാസ്ത്രപഠനം കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ ലഘുപഠനോപകരണങ്ങൾ നിർമ്മാണം, വാങ്ങൽ

b. *ശുചിത്വം* : സ്കൂളിലെ എല്ലാ ടോയ്‌ലറ്റും ഉപയോഗക്ഷമമാണെന്ന് ഉറപ്പുവരുത്തണം. ടോയ്‌ലറ്റ് ക്ലീനിംഗ് ബ്രഷ്, ബക്കറ്റ്, മഗ്, ലോഷൻ, സോപ്പ്, ചൂൽ തുടങ്ങിയവ എല്ലാ ടോയ്‌ലറ്റിലും ആവശ്യത്തിന് ഉറപ്പാക്കണം. ഇത്തരത്തിൽ വാങ്ങുന്നവ സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കണം.
(വാട്ടർ കണക്ഷൻ, കേടുപാടു തീർക്കൽ എന്നിവ)

c. എല്ലാ ക്ലാസിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള സംവിധാനം.

d. വിദ്യാർത്ഥികൾക്കാവശ്യമായ കളിയുപകരണങ്ങൾ സ്ഥലലഭ്യതയ്ക്കനുസരിച്ച് (സ്കൂൾ ഗ്രൗണ്ട്) വാങ്ങി ഉപയോഗപ്പെടുത്തണം.

II **എൽ.പി. വിഭാഗം (5000/- രൂപ)**

a. ശാസ്ത്ര/ഗണിതശാസ്ത്ര/സാമൂഹ്യശാസ്ത്രപഠനം കൂടുതൽ മെച്ചപ്പെടുത്താനാവശ്യമായ ലഘുപഠനോപകരണങ്ങൾ നിർമ്മിക്കൽ

b. *ശുചിത്വം* : സ്കൂളിലെ എല്ലാ ടോയ്‌ലറ്റും ഉപയോഗക്ഷമമാക്കണമെന്ന് ഉറപ്പുവരുത്തണം. ടോയ്‌ലറ്റ് ക്ലീനിംഗ് ബ്രഷ്, ബാസ്ക്കറ്റ്, മഗ്, ലോഷൻ, സോപ്പ്, ചൂൽ തുടങ്ങിയവ എല്ലാ ടോയ്‌ലറ്റിലും ആവശ്യത്തിന് ഉറപ്പാക്കണം. ഇത്തരത്തിൽ വാങ്ങുന്നവ സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കണം.

c. എല്ലാ ക്ലാസിലും ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കണം.

d. സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തുന്നതിനായി റാക്ക്, അലമാര, ഓരോ ക്ലാസിലും പുസ്തക പ്രദർശന ബോർഡ് തുടങ്ങിയവ ഉറപ്പാക്കുന്നതിന്.

e. വിദ്യാർത്ഥികൾക്കാവശ്യമായ കളിയുപകരണങ്ങൾ ഉറപ്പാക്കണം. ചെസ്സ് ബോർഡ്, കാരംബോർഡ്, സ്കിപ്പിംഗ് റോപ്പ്, ഫുട്ബോൾ തുടങ്ങിയവ സ്ഥലലഭ്യതയ്ക്കനുസരിച്ച് ലഭ്യമാക്കേണ്ടതാണ്

## II. *മെയിന്റനൻസ് ഗ്രാന്റ്*

ഓരോ സ്കൂളും എസ്.എം.സി.യുടെ നേതൃത്വത്തിൽ 2017-18 വർഷം മെയിന്റനൻസ് ഗ്രാന്റുകൊണ്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ എന്ന് തീരുമാനിക്കണം. ഇങ്ങനെയുള്ള പ്രവൃത്തികൾ ഏത് രീതിയിലാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നത് ചർച്ചയിലൂടെ ധാരണ ഉണ്ടാക്കണം. വിദ്യാലയവർഷാരംഭത്തിൽ തന്നെ ഈ പ്രവർത്തനങ്ങൾ നടക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഒരു കാരണവശാലും പുതിയ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കരുത്. അനുവദിക്കപ്പെടുന്ന 7500/ രൂപ ഏറ്റവും ഫലപ്രദമായി വിനിയോഗിച്ചുവെന്ന് എസ്.എം.സി. മിനിട്സിൽ രേഖപ്പെടുത്തുകയും സുതാര്യമായി നടപ്പാക്കി എന്നുറപ്പുവരുത്തുകയും വേണം.

***ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ***

- ഒരു കമ്പ്യൂട്ടറിന്റെയെങ്കിലും ഉപയോഗം ഉറപ്പാക്കത്തക്കവിധം ചെറിയ റിപ്പയറിംഗ് ജോലികൾ
- വാതിൽ, ജനൽ എന്നിവയുടെ കുറ്റി, കൊളുത്ത് പിടിപ്പിക്കൽ, മറ്റ് അത്യാവശ്യ റിപ്പയറുകൾ
- സ്കൂൾ പരിസരം വൃത്തിയാക്കൽ.
- മൂത്രപ്പുരയുടെ വാതിലുകൾക്ക് കുറ്റി, കൊളുത്ത് ഇവ വയ്ക്കൽ, വെള്ളം ഉറപ്പാക്കൽ, ക്ലോസെറ്റ്, തറ എന്നിവ മാറ്റി സ്ഥാപിക്കൽ/റിപ്പയർ ചെയ്യൽ.

എസ്.എസ്.എ. മാനദണ്ഡങ്ങൾ അനുസരിച്ച് തീരുമാനങ്ങളും അനുബന്ധ രേഖകളും സൂക്ഷിക്കുകയും തനതു വർഷം ലഭിക്കുന്ന ഗ്രാന്റുകൾ തനതു വർഷം തന്നെ ചെലവാക്കേണ്ടതുമാണ്. ഡി.പി.ഒ.മാർ ബി.പി.ഒ.മാരുടെ മീറ്റിങ്ങിൽ ഈ വിഷയം ചർച്ച ചെയ്യുകയും സ്കൂളുകൾക്കു കൊടുക്കുവാനുള്ള സർക്കുലറുകൾ ബി.പി.ഒ.മുഖേന സ്കൂളുകളിൽ എത്തിക്കുകയും വേണം.

ഏറ്റവും ഫലപ്രദമായി ഗ്രാന്റ് വിനിയോഗം നടത്തിയ മാതൃകാവിദ്യാലയങ്ങളുടെ അനുഭവങ്ങൾ ബി.ആർ.സി. തലത്തിൽ ഡോക്യുമെന്റ് ചെയ്ത് സ്റ്റേറ്റ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

District Project Office
Pathanamthitta
Thiruvalla
689101.
Sarvashiksha Abhiyan

ജില്ലാ പ്രോജക്ട് ഓഫീസർ
**സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ)**
പത്തനംതിട്ട